"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഐ&പി.ആർ.ഡി- കേരള മീഡിയ അക്കാഡമിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിന്റെ രണ്ടാം ഗഡുവായി **10ലക്ഷം** രൂപ അനുവദിച്ച് - ഉത്തരവാകുന്നു.

---

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.76/2025/I&PRD തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:- 1. 30-04-2025ലെ സ.ഉ.(സാധാ) നം.61/2025/ഐ&പി.ആർ.ഡി.

2. കേരള മീഡിയ അക്കാദമി സെക്രട്ടറിയുടെ 07/05/2025 ലെ 46/എ/2025/കെ.എം.എ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മീഡിയ അക്കാദമിയിലെ സ്ഥിരം, അന്യത്ര സേവനം, കരാർ, താൽക്കാലികം എന്നീ വിഭാഗങ്ങളിലെ ജീവനക്കാരുടെ 2025 മെയ് മാസത്തെ ശമ്പളവും, പെൻഷനർമാരുടെ ജൂൺ മാസത്തെ പെൻഷനും നൽകുന്നതിനായി അക്കാദമിയുടെ നോൺ-പ്ലാൻ-ശമ്പളം-ഇനത്തിൽ പരാമർശം (1) പ്രകാരം ഒന്നാം ഗഡുവായി അനുവദിച്ച 17.51 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പടെ 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുള്ള 87.55 ലക്ഷം രൂപയിൽ നിന്നും **രണ്ടാം ഗഡു** അടിയന്തരമായി ലഭ്യമാക്കുന്നതിന് പരാമർശം (2) പ്രകാരം മീഡിയ അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മീഡിയ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷത്തെ **2220-60-800-98-31 (NP)- Grant in aid - Salary** ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്ന് രണ്ടാം ഗഡുവായി **10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപാ മാത്രം)** ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അക്കാദമിയുടെ **STSB A/c. No.799011400006155** -ൽ അനുവദിച്ച് ഉത്തരവാകുന്നു.

*1) 16/04/2018-ലെ സ ഉ (പി) 62/18 ധനയിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.*

*2) 9/12/08-ലെ സർക്കുലർ നം.84/8/ധന- ലെയും 30/01/18-ലെ സർക്കുലർ നം. 08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.*

*3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ ഉ (കൈ) നം 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ.(കൈ)നം. 93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യ പത്രം കൂടെ സമർപ്പിക്കേണ്ടതാണ്.*

*4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് ഹരികിഷോർ ഐ എ എസ്

സെക്രട്ടറി

സെക്രട്ടറി, കേരളാ മീഡിയ അക്കാഡമി, കാക്കനാട്, കൊച്ചി.

ധനകാര്യ (പി.യു.സി) വകുപ്പ് (03/06/2025 ലെ PU-C4/68/2025-FIN കുറിപ്പ് ) .

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് .

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം

കരുതൽ ശേഖരം/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 11-06-2025 11:07:24

സെക്ഷൻ ഓഫീസർ